**ശ്രദ്ധക്ഷണിക്കൽ**

1. റിസോഴ്സ് പേഴ്സൺസിന്റെ ശമ്പളം

ശ്രീ. സി. കെ ഹരീന്ദ്രൻ: സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ ഭാഗമായി പ്രവർത്തിച്ച് വരുന്ന റിസോഴ്സ് പേഴ്സൺമാരുടെ വേതനം കഴിഞ്ഞ അഞ്ചുമാസമായി ലഭിക്കാതിരിക്കുന്നതും തൊഴിൽദിനങ്ങൾ കുറയുന്നതുമായി ബന്ധപ്പെട്ട് ചില വിവരങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. Social Audit Kerala-യുടെ ഭാഗമായി നിലവിൽ രണ്ടായിരത്തി അഞ്ഞൂറോളം റിസോഴ്സ് പെഴ്സൺമാർ പ്രവർത്തിച്ച് വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ചെലവിന്റെ ½ ശതമാനം തുക രണ്ട് ഗഡുക്കളായി അനുവദിച്ച് കിട്ടുന്നതിലൂടെയാണ് Social Audit Kerala ഇവിടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിച്ച് പോരുന്നത്. 2019-20 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 28.01.2020-ൽ 7 കോടി രൂപ അനുവദിക്കുകയും സംസ്ഥാന സർക്കാർ മുഖാന്തിരം 23-03-2020 പ്രസ്തുത തുക സോഷ്യൽ ഓഡിറ്റ് യൂണിറ്റ് അക്കൗണ്ടിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ 60% ചെലവഴിച്ചശേഷം 2020 നവംബർ 27-ന് രണ്ടാം ഘട്ട ഫണ്ട്

അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ രേഖകൾ കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും കൃത്യസമയത്ത് ഫണ്ട് അനുവദിക്കാത്ത കാരണത്താൽ കഴിഞ്ഞ അഞ്ചുമാസമായി റിസോഴ്സ് പേഴ്സൺമാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വളരെ തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. 350 രൂപ മാത്രമാണ് വില്ലേജ് തല റിസോഴ്സ് പേഴ്സൺമാർക്കുള്ളത്. ബ്ലോക്ക്-ജില്ലാ തല റിസോഴ്സ് പേഴ്സൺമാർക്ക് പ്രതിമാസം 13000 രൂപ മുതൽ 20000 രൂപ വരെയാണ്. മറ്റ് സാങ്കേതിക ഉപകരണങ്ങളൊന്നും അവർക്ക് ലഭിക്കുന്നില്ല. തൊഴിലുറപ്പ് തൊഴിലാളികളുടെ മക്കൾ, എസ്.സി/എസ്.റ്റി വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾ എന്നിവരെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവും ഉള്ളവരാണ് ഭൂരിപക്ഷം പേരും. അഞ്ചുമാസത്തെ വേതനം കുടിശ്ശികയായി ഇവർക്ക് ലഭിക്കാനുണ്ട്. കൊവിഡ് പ്രതിസന്ധിയുടെ കാലത്ത് വലിയ ദാരിദ്ര്യവും ജീവിതക്ലേശവും അനുഭവിക്കുകയാണ് ഇവർ. കൊവിഡ് പ്രതിസന്ധിയുടെ കാലത്തും ഗ്രാമീണ ജനതയുടെ ജീവിതത്തിൽ ആശ്വാസം നൽകിയ തൊഴിലുറപ്പ് പദ്ധതി

ഭാവിയിൽ സോഷ്യൽ ഓഡിറ്റ് നടത്തിയില്ല എന്ന കാരണത്താൽ കേരളത്തിൽ നിന്നും ഈ പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗ്രാമ വികസനവകുപ്പ് നടത്തുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടി തിരുത്താൻ സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അൺ സ്കിൽഡ് തൊഴിലാളികൾക്ക് 291 രൂപയാണ് വേതനമായി ഇപ്പോൾ ലഭിക്കുന്നത്. ഏപ്രിൽ മാസത്തിൽ വേതന വർദ്ധനവ് വരേണ്ടതാണ്. എന്നാൽ കേരളത്തിൽ മാത്രമാണ് വേതനം വർദ്ധിപ്പിക്കാതിരിക്കുന്നത്. സോഷ്യൽ ഓഡിറ്റിനായി ചെലവഴിക്കേണ്ട തുക കേന്ദ്രം നൽകേണ്ട വിഹിതം പല സംസ്ഥാനങ്ങൾക്കും ഇതിനകം തന്നെ അനുവദിച്ചു കഴിഞ്ഞു. കേരളത്തിൽ മാത്രമാണ് സോഷ്യൽ ഓഡിറ്റ് ചെലവിലേയ്ക്കായി ഫണ്ട് അനുവദിക്കാത്തത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇക്കാര്യത്തിലിടപെട്ട് ഈ പാവപ്പെട്ട ജീവനക്കാരെ സംരക്ഷിക്കാൻ മുന്നോട്ട് വരണമെന്ന അഭ്യർത്ഥനയാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രൻ ഇവിടെ ഈ സഭയുടെ ശ്രദ്ധക്ഷണിക്കലിലൂടെ പറഞ്ഞ കാര്യങ്ങൾ എല്ലാം ശരിയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമം 2005-ലെ വകുപ്പ് 17 പ്രകാരം തൊഴിലുറപ്പ് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്താൻ ഗ്രാമസഭകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Audit of scheme rules 2011-ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നത്. സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള എന്ന പേരിൽ ഒരു സ്വതന്ത്ര സംവിധാനം The Travancore-Cochin Literary, Scientific and Charitable Societies Registration Act രജിസ്റ്റർ ചെയ്യുകയും 01.12.2017 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമതല സോഷ്യൽ ഓഡിറ്റർമാരെ കണ്ടെത്തുകയും പരിശീലനം നൽകി അവരിലൂടെയാണ് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നത്. ഇവർക്ക് പുറമേ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, ജില്ലാ റിസോഴ്സ് പേഴ്സൺ, സംസ്ഥാന റിസോഴ്സ് പേഴ്സൺമാർ, സോഷ്യൽ ഓഡിറ്റ് എക്സ്പേർട്ട്, സോഷ്യൽ ഡെവലപ്പ്മെന്റ് സോഷ്യലിസ്റ്റ് എന്നിവരും സൊസൈറ്റിയ്ക്ക് കീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു. വില്ലേജ് റിസോഴ്സ് പേഴ്സൺ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് 291 രൂപ അവർക്ക് പ്രതിദിന വേതനമായി കൊടുക്കുന്നുവെന്നാണ്. പക്ഷേ 350 രൂപയാണ് പ്രതിദിന വേതനമായി അവർക്കിപ്പോൾ ജോലി ചെയ്യുന്ന ദിവസങ്ങളിൽ കൊടുക്കുന്നത്. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി പൂർണ്ണമായി കേന്ദ്ര സർക്കാർ ധനസഹായത്തിലാണ് പ്രവർത്തിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഈ വർഷം ചെലവഴിച്ച തുകയുടെ 0.5% തുകയാണ് കേന്ദ്രസർക്കാർ അനുവദിക്കാറുള്ളത്. അതിൽനിന്നാണ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ശമ്പളം കൊടുത്തുവരുന്നത്. കേന്ദ്ര സർക്കാർ ഏറ്റവും കൂടുതൽ തുക അനുവദിച്ചത് 2020 ജനുവരി

മാസത്തിലാണ്. കൊവിഡ്-19 നിയമങ്ങളിൽ ഇളവുവരുന്ന മുറയ്ക്ക് 2020 ജൂൺ മാസം മുതൽ സോഷ്യൽ ഓഡിറ്റ് പുനരാരംഭിക്കാൻ സർക്കാർ അനുവാദം നൽകി. ഫണ്ട് ചെലവഴിച്ചമുറയ്ക്ക് 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 27-11-2020-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. 2020 ഡിസംബറിനുശേഷം വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ശമ്പളം കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. അതുപോലെതന്നെ കൊവിഡിന്റെ ഈ കടുത്ത പ്രതിസന്ധി റിസോഴ്സ് പേഴ്സൺമാരെ വലിയ രീതിയിലുള്ള പ്രയാസത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. അവർക്ക് ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാക്കാൻ വൈകുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കാൻവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി 23-03-2021-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. അതിനെത്തുടർന്ന് ഫണ്ട് ലഭിക്കാതെ വന്നപ്പോൾ വീണ്ടും ഓർമ്മക്കുറിപ്പ് 04.06.2021-നും നൽകിയിട്ടുണ്ട്. ഇവിടെപ്പറഞ്ഞതുപോലെ റിസോഴ്സ് പേഴ്സൺമാർക്ക് വേതനം നൽകാൻ

കഴിയാത്തതിനാൽ അവരിൽ പലരും ഈ പ്രവർത്തനത്തിനായി നിലനിർത്താൻ ബുദ്ധിമുട്ടാകുന്ന സ്ഥിതിയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ ഇത് സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്നും ഇക്കാര്യം കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന രീതിയിലുള്ള ഇടപെടലെല്ലാം നടത്തി എത്രയും വേഗം ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചെങ്കിൽ മാത്രമാണ് സാധാരണ ഗതിയിൽ സൊസൈറ്റിയ്ക്കും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കും അവരുടെ വേതനം നൽകാൻ കഴിയൂ എന്നുള്ള കാര്യം ഇവിടെ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. എങ്കിൽപോലും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്നുള്ള കാര്യം പിന്നീട് ആലോചിക്കുന്നതാണ്.

ശ്രീ. സി. കെ ഹരീന്ദ്രൻ: സർ, സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള പദ്ധതികൾ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കാനാകുമോ; ഇപ്പോൾ ഇത്

കോർഡിനേറ്റ് ചെയ്യാനുള്ള ഡയറക്ടറുടെ പോസ്റ്റ് ഒഴിഞ്ഞ് കിടക്കുകയാണ്; അടിയന്തരമായി ഡയറക്ടറെ പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ ചാർജ്ജുള്ള ഡയറക്ടറാണ് അതിന്റെ ചുമതല നിർവ്വഹിക്കുന്നത്. തീർച്ചയായും സ്വതന്ത്രമായി ചാർജ്ജുള്ള ഡയറക്ടറെ നിയമിക്കും. അതിനേക്കാളുപരിയായി ഇപ്പോൾ പൈസ കൊടുക്കാൻ കഴിയുന്നില്ല എന്നുള്ള പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് ലഭിക്കേണ്ട സംഖ്യ ലഭിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് പ്രധാനമായും ശ്രമിച്ച് കൊണ്ടിരിക്കുന്നത്.

## 2. വളം സബ്സിഡി

ഡോ. മാത്യു കുഴൽനാടൻ: സർ, കോവിഡ് മഹാമാരിയുടെ ഈ കാലത്ത് എല്ലാവിഭാഗം ജനങ്ങളും പ്രയാസത്തിലും ദുരിതത്തിലും വറുതിയിലുമാണ്. എന്നാൽ ഞാൻ അടുത്തിടെ മനസ്സിലാക്കിയത്, ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന ഒരു വിഭാഗം ഈ രാജ്യത്തെ സംസ്ഥാനങ്ങളിലെ കർഷകരാണ്. എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ള ദുഖകരമായ കാര്യം, ഈ

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ പിണറായി സർക്കാരും അതുപോലെ ഈ സർക്കാരും രണ്ട് കോവിഡ് പാക്കേജുകൾ പ്രഖ്യാപിച്ചു. 20,000 കോടി രൂപയുടെ പാക്കേജാണ് ആദ്യ സർക്കാരും ഈ സർക്കാരും പ്രഖ്യാപിച്ചത്. ഈ ബഡ്ജറ്റിന് മുമ്പായി ഞങ്ങൾ സമീപിച്ച് കാർഷിക വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷേ അങ്ങേയറ്റം നിർഭാഗ്യകരമെന്ന് പറയട്ടെ, ആദ്യ സർക്കാർ ഈ ഖജനാവിൽനിന്നും 20,000 കോടിരൂപ കൊടുത്തപ്പോൾ ഒരു രൂപ ഇവിടത്തെ കർഷകന് നൽകിയില്ല. പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 14,000 കോടിരൂപ കൊടുക്കാൻ തീരുമാനിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി 2000 കോടിരൂപ കൊടുക്കാൻ തീരുമാനിച്ചു. 2000 കോടിരൂപ കുടുംബശ്രീക്ക് വായ്പ നൽകാനുള്ള ഗ്യാരന്റി നിൽക്കാൻ തീരുമാനിച്ചു. പിന്നെ 150 കോടി രൂപ, 50 കോടി, രൂപ 20 കോടി രൂപയായി...... എന്നാൽ ഒരു രൂപ പോലും കർഷകന് നൽകിയില്ല എന്നുള്ളത് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. 'രണ്ടാം

തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിക്കുകയാണ്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കും.' അതിനുശേഷം ഞാൻ അതിന്റെ വിശദാംശങ്ങളും നോക്കി. എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴ പ്രദേശം ധാരാളം പൈനാപ്പിൾ കർഷകരുള്ള സ്ഥലമാണ്. പൈനാപ്പിൾ വെട്ടിയാൽ വാങ്ങാൻ ആളില്ലാത്തതുകൊണ്ട്, വെട്ടുന്ന പൈസ വിറ്റാൽ കിട്ടാത്തതുകൊണ്ട് അദ്ധ്വാനിച്ച് വിയർപ്പ് ഒഴുക്കിയ ആ സാധനം ചീഞ്ഞ് പോകുന്ന കാഴ്ച നേരിട്ട് കണ്ടതാണ്. അതുപോലെ മരിച്ചീനി, നിങ്ങൾക്ക് ആർക്കെങ്കിലും പറിച്ചുകൊണ്ട് പോകാൻ പറ്റുമെങ്കിൽ പറിച്ചുകൊണ്ട് പോയിക്കൊള്ളാനാണ് കർഷകർ പറയുന്നത്. ഞങ്ങൾ യൂത്ത് കോൺഗ്രസിന്റെ കുറെ പ്രവർത്തകർകൂടി വ്യാപകമായി മരിച്ചീനി പറിച്ച് ആ

നാട്ടിലെ ആളുകൾക്ക് വിതരണം നടത്തി. ഇതാണ് യഥാർത്ഥത്തിൽ കർഷകന്റെ അവസ്ഥ. ഇതുകൂടാതെ ഇപ്പോൾ ബാങ്ക് ലോണുകളുടെ മൊറട്ടോറിയം അവസാനിച്ചു. അത് അവസാനിച്ചു കഴിഞ്ഞിട്ട് ഇതുവരെ ഈ സർക്കാർ ഗൗരവമായി ഒരു നടപടിയും എടുത്തിട്ടില്ലെന്നത് ആലോചിക്കണം. കർഷക ആത്മഹത്യ ഉണ്ടായാൽ മാത്രമേ കേരളത്തിന്റെ കണ്ണ് തുറക്കു. ഇനി നമ്മുടെ കണ്ണ് തുറക്കണമെങ്കിൽ ആരെങ്കിലും ആത്മഹത്യ ചെയ്യണം.. ഇതാണ് കർഷകന്റെ അവസ്ഥ. ഞാൻ ഇവിടെ ഉന്നയിക്കാൻ ഉദ്ദേശിച്ച വിഷയം, ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം ശക്തമായി കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്നത് ഞാൻ പല ആവർത്തി കേട്ടിട്ടുണ്ട്. ഞാൻ ഇവിടെ വന്ന സമയം മുതൽ ഈ സഭയിലെ എല്ലാ വാചകവും ശ്രദ്ധിക്കുകയായിരുന്നു. വിമർശനങ്ങൾ നമ്മൾ വാക്കുകളിൽ ഒതുക്കുന്നതുകൊണ്ട് അർത്ഥമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കർഷക നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21.01.2021-ന് കേന്ദ്ര സർക്കാർ ഇറക്കിയ വളരെ ചെറിയ ഒരു ഉത്തരവാണിത്. ഇതിലെ ഒരു ചെറിയ പാരഗ്രാഫ് ഞാൻ വായിക്കാം. ‘ I am directed to refer to the maximum quantity of subsidised fertilizer that

one buyer should be allowed to purchase in any particular month and to say that in consultation discussion with State/Union Governments, it has been decided by the Department of fertilizers to set the following limits for purchase of subsidised fertilizers. 50 bags of all subsidised fertilizers per month per farmer without any limit on the frequency of the purchase, for plantation the limit is 200 bags per month...' അതായത്, സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചനയ്ക്കുശേഷം ഒരു കർഷകന് ഒരു മാസം 50 ചാക്ക് വളത്തിൽ കൂടുതൽ സബ്സിഡിയായി കൊടുക്കില്ലെന്നുള്ള തീരുമാനമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് 4 മിനിട്ട് അധികമെടുത്തു. ദയവായി പ്രസംഗം ചുരുക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞു വരുന്നത്, പലിശ ഇളവും സബ്സിഡിയും മൊറട്ടോറിയവും കൊടുക്കാൻ നമ്മൾ തയ്യാറല്ല. അവരുടെ ഉൽപ്പന്നം വാങ്ങാൻ തയ്യാറല്ല. അവർക്ക് കിട്ടിയിരുന്ന വളംപോലും ഇനി ബാക്കി കൊടുക്കില്ലെന്ന് പറയുന്നത് എന്തൊരു ദുര്യോഗമാണ്. കാരണം

ഭൂപരിഷ്കരണ നിയമത്തിനുശേഷം പാട്ടക്കൃഷിയെന്നത് കേരളത്തിൽ നിയമവിധേയമല്ല. അതുകൊണ്ട് ധാരാളം കർഷകർ ഒന്നിച്ച് സ്ഥലമെടുത്ത് അവർ ഒരുമിച്ചാണ് കൃഷിചെയ്യുന്നത്. ഒരുപക്ഷെ 50 ചാക്ക് വളമെന്നത് തീരെ താഴെതട്ടിലുള്ള കർഷകർക്ക് പ്രയാസമായിരിക്കില്ല. കർഷകർക്ക് ആവശ്യത്തിന് വളം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? കർഷകർക്ക് ആവശ്യത്തിന് വളം ലഭ്യമാക്കാനുള്ള എന്തെങ്കിലും നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിച്ച് എഴുതിതന്ന കാര്യത്തിൽനിന്നും വിഭിന്നമായ കുറച്ച് കാര്യങ്ങളാണ് അദ്ദേഹം ആദ്യമേ ഉന്നയിച്ചത്. ഒന്നാമത്തെയും രണ്ടാമത്തെയും കോവിഡ് പാക്കേജുകളിലെല്ലാം കർഷകരെ പരിഗണിച്ചിട്ടില്ല എന്നെല്ലാമുള്ള പരാതി അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. കർഷകർക്ക് അനുകൂലമായ കാര്യങ്ങൾ നിറഞ്ഞ് നിൽക്കുന്നതാണ് സംസ്ഥാന സർക്കാർ ഈ സഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ച ഇപ്രാവശ്യത്തെ ബഡ്ജറ്റ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

കൃഷിക്കാരനോട് ഏറെ താൽപര്യം കാണിക്കുന്ന, അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുന്ന സർക്കാരാണ് ഇതെന്ന് ആമുഖമായി ഞാൻ പറയട്ടെ. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നേർവളങ്ങളും കോംപ്ലക്സ് വളങ്ങളും കർഷകർക്ക് ലഭിക്കുന്നത് സബ്സിഡി നിരക്കിലാണ്. വളം വിതരണം ചെയ്യുന്ന കമ്പനികൾക്ക് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡിയുടെ അനുപാതത്തിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കുന്ന വളങ്ങളുടെ ദുരുപയോഗം, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശപ്രകാരം ഇന്ത്യയിലുടനീളം ഒരു കർഷകന് ഒരു മാസത്തിൽ 50 ചാക്ക് വളവും (2500 കിലോഗ്രാം) പ്ലാന്റേഷനുകൾക്ക് 1200 ചാക്ക് വളവുമാണ് 60000 കിലോഗ്രാം) അനുവദിക്കുന്നത്. ഒരു മാസം 2500 കിലോഗ്രാം നിരക്കിൽ വർഷം 30000 കിലോഗ്രാം/30 മെട്രിക് ടൺ വളം ഒരു കർഷകന് ലഭിക്കുന്നുണ്ട്. കേരളത്തിലെ ബഹുഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്. 30 മെട്രിക് ടൺ വളം ഒരു കർഷകന് സാധാരണഗതിയിൽ മതിയാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പോയിന്റ് ഓഫ് സെയിൽ

മെഷീനുകൾ മുഖേന വിതരണം ചെയ്യുന്ന വളങ്ങൾക്ക് മാത്രമാണ് മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസം രാസവളങ്ങൾ വാങ്ങേണ്ടിവരുന്നത് കർഷകർക്ക് ബുദ്ധിമുട്ടുള്ള കാര്യമാണ്. കൃഷിയുടെ സമയത്ത് ആവശ്യമായ സബ്സിഡി വളം ഒന്നിച്ച് ലഭിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ നിലപാടുമൂലം കഴിയുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഈ പ്രശ്നം കേന്ദ്രസർക്കാരിന്റെ മുമ്പാകെ അറിയിച്ചിട്ടുമുണ്ട്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഈ മറുപടിയിൽനിന്നും എനിക്ക് മനസ്സിലാകുന്നത്, സംസ്ഥാന സർക്കാർ അംഗീകരിച്ച നിലയ്ക്കാണ് ഈ സ്കീം ഇങ്ങനെ വന്നിരിക്കുന്നതെന്നാണ്. ഈ സ്ഥിതി വന്നതിനുശേഷം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ അതിവ്യാപകമായി വളം ഇഷ്യൂ ചെയ്തതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ഉദ്യോഗസ്ഥർ ആരെങ്കിലും കർഷകർക്ക് കിട്ടേണ്ട വളം തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് കൊണ്ടുപോകുകയും അത് മറിച്ചുവിറ്റ് ലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ടോ; അങ്ങനെ ആരുടെയെങ്കിലും പേരിൽ ഇന്നുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളം അംഗീകരിച്ച ഒരു രീതിയിലല്ല ഈ കാര്യങ്ങൾ വന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങളെല്ലാം വന്നിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള ഒരു കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട് ഇത്തരത്തിൽ വളം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.